നമ്പർ സി 2/12752/റ്റി.സി/06

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരളം, തിരുവനന്തപുരം
തിയ്യതി : 20-02-2007

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റിജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും

സാർ,

വിഷയം : വാഹനാപകടം - തുടർ നടപടികൾ - സംബന്ധിച്ച്

സൂചന: 21.12.06 ലെ 3962/ബി 1/ 2006/ ഗതാഗതം നമ്പരായ ഗതാഗത (ബി) വകുപ്പിൽ നിന്നുള്ള കത്ത്

റോഡപകടങ്ങളുണ്ടാകുമ്പോൾ അവയുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത് പ്രസ്തുത റിപ്പോർട്ടിലെ 14,15.16,17,18 എന്നീ കോളങ്ങൾ ശരിയായി പൂരിപ്പിക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്ന തിനാൽ അപകടത്തിൽ പെടുന്ന വർക്ക് നഷ്ട പരിഹാരം ലഭിക്കാനുള്ള സാദ്ധ്യത ഇല്ലാതാക്കുകയാണ് ചെയ്യു ന്നത്. ഇത് ഒഴിവാക്കപ്പെടേണ്ടതാണ്. അതിനാൽ അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ രേഖകൾ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും തീർത്തും ലഭ്യമാകാത്ത സാഹചര്യമൊഴിച്ച്, അപകടത്തിൽപ്പെട്ട വാഹനത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നുള്ള വിവരം പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ